"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ പുലമാന്തോൾ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി.നേഹ ബോസ്കോ.ബി യ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2916/2022/LSGD തീയതി,തിരുവനന്തപുരം, 25-11-2022

---

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ(പി) നം.112/2017/ധന തീയതി 24.08.2017.
3. ശ്രീമതി.നേഹ ബോസ്കോയുടെ 18.02.2022 ലെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 25.07.2022 ലെ ഇ6-11112/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ പുലമാന്തോൾ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി.നേഹ ബോസ്കോ. ബി യ്ക്ക് 21.09.2021 മുതൽ 04.04.2022 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ടിയാൾ 25.03.2021 മുതൽ 20.09.2021 വരെ 180 ദിവസത്തെ പ്രസവാവധിയിൽ ആയിരുന്നു. തുടർന്ന് 21.09.2021 മുതൽ 19.11.2021 വരെ 60 ദിവസത്തേക്ക് കെ . എസ്.ആർ ഭാഗം 1 , ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെ ആർജ്ജിതാവധിക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയിലും. 19.01.2022 മുതൽ 17.02.2022 വരെ 30 ദിവസത്തേക്കും വെട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നു . തുടർന്ന് ദീർഘിപ്പിക്കുവാൻ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടിയാൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച അവധി റദ്ദ് ചെയ്യുകയുണ്ടായി . പ്രസ്തുത കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ട് . അവധിക്ക് ശേഷം 05.04.2022 ൽ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ പുലമാന്തോൾ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി.നേഹ ബോസ്കോ. ബി യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 25.03.2021 മുതൽ 20.09.2021 വരെയുള്ള 180 ദിവസത്തെ പ്രസവാവധിയെത്തുടർന്ന്, 21.09.2021 മുതൽ 19.11.2021 വരെ ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്. ആർ, ഭാഗം ഒന്ന്, ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെയും 20.11.2021 മുതൽ 17.02.2022 വരെ പ്രസ്തുത കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ

സർട്ടിഫിക്കറ്റിന്മേലും , 18.02.2022 മുതൽ 04.04.2022 വരെയുള്ള കാലയളവിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ് , ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും കെ.എസ്.ആർ. , ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, വെട്ടം ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പുലമാന്തോൾ ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.നേഹ ബോസ്കോ.ബി, ക്ലാർക്ക്, പുലമാന്തോൾ ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പിന്(18.11.2022 ലെ ഡെവ1-165/2022/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(197/ഇപിഎ1/2022/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ